**ജലസ്രോതസ്സുകൾ നശിപ്പിക്കുന്നതുമൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ**

9 (*579) ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കായൽ, തടാകങ്ങൾ, ചതുപ്പുകൾ എന്നിവ കയ്യേറി വൻതോതിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതുമൂലം ഉണ്ടായിട്ടുള്ള പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം പരിസ്ഥിതി വകുപ്പ് നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) ഇക്കാര്യത്തിൽ ഏതെങ്കിലും സ്വതന്ത്രസ്ഥാപനങ്ങൾ പഠനം നടത്തിയതായി അറിവുണ്ടോ ;

(സി) കായലുകളുടെ വിസ്തൃതി പകുതിയോളം കുറഞ്ഞിട്ടുണ്ടെന്നും, നിർമ്മാണ പ്രവർത്തനങ്ങളും നിക്ഷേപിക്കപ്പെടുന്ന മലിന വസ്തുക്കളും, മലിനജലവും ഗുരുതര പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നുവെന്നുമുള്ള കൊച്ചിയിലെ ശാസ്ത്രസാങ്കേതിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരുടെ പഠനറിപ്പോർട്ട് പരിശോധിച്ച് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) കായൽ, തടാകങ്ങൾ, ചതുപ്പുകൾ എന്നിവ കയ്യേറി വൻതോതിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതുമൂലം ഉണ്ടായിട്ടുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് പരിസ്ഥിതി വകുപ്പ് പ്രത്യേക പഠനം നടത്തിയിട്ടില്ല. എന്നാൽ ശാസ്താംകോട്ട, അഷ്ടമുടി, കോട്ടൂളി, വേമ്പനാട്, കവ്വായി, വെള്ളായണി തുടങ്ങിയ തണ്ണീർത്തടങ്ങൾ നേരിടുന്ന പൊതുവായ പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചും വേമ്പനാട് കായലിന്റെ കരയിലെ നിർമ്മാണപ്രവർത്തനങ്ങളെക്കുറിച്ചും ചതുപ്പു നികത്തിയതിനെക്കുറിച്ചും CWRDM പഠനം നടത്തിയിട്ടുണ്ട്. ഇതിൽ ശാസ്താംകോട്ട, അഷ്ടമുടി, കോട്ടൂളി എന്നീ തണ്ണീർത്തടങ്ങളുടെ MAP തയ്യാറാക്കുകയും കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തിന്റെ സഹായത്തോടെയും വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെയും അവ നടപ്പിലാക്കാൻ നടപടിയെടുത്തുവരികയും ചെയ്യുന്നു.

(ബി) CWRDM-നെക്കൂടാതെ NCESS, കേരള സർവ്വകലാശാല എന്നീ സ്ഥാപനങ്ങളും പഠനങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കൊച്ചിയിലെ ശാസ്ത്രസാങ്കേതിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരുടെ പഠനറിപ്പോർട്ട് ഗവൺമെന്റിന് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly